# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA KLM/P2/ 1670/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 03/11/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM/P2/ 1670/2023 തീയ്യതി: 03/11/2023

## കൊല്ലം ജില്ലയിലെ തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-10-2022 മുതൽ 01-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. അനിൽകുമാർ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 11-09-2023 | 19-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-09-2023 | 19-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. രഞ്ജിത്ത് കുമാർ ജി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ. അനിൽകുമാർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. ദിവ്യ ജെ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. ഹർഷ എൽ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.തങ്കച്ചി പ്രഭാകരൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. പ്രേംശങ്കർ എസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സനിൽ കുമാർ.ജി | അസി.സെക്രട്ടറി | 01-04-2022 | 14-10-2022 |
| ശ്രീ.ജോഗ്ലിൻ ക്രിസ്റ്റി | അസി.സെക്രട്ടറി | 14-10-2022 | 31-03-2023 |
| ശ്രീമതി.ഷിജിന.എൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.സഫീന ഇബ്രാഹിം | മെഡിക്കൽ ഓഫീസർ- ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ.അനൂപ്.വി.എസ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, | 01-04-2022 | 09-05-2022 |
| ഡോ.ബുഷറ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, | 09-05-2022 | 31-03-2023 |
| ഡോ.ബിജി.എ.ജെ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.നിഷ.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.വരദരാജൻ | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ശ്രീമതി.റഷീദാബീവി | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ശ്രീമതി.കൃഷ്ണകുമാരി | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ബനീറ്റ സ്റ്റീഫൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഇന്ദു.എൽ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ആർഷ സന്തോഷ് | അക്രഡിറ്റഡ് എഞ്ചിനിയർ | 01-04-2022 | 31-10-2022 |
| ശ്രീമതി.ഇന്ദു.എൽ | അസിസ്റ്റന്റ് എഞ്ചിനിയർ ഇൻചാർജ്ജ് | 01-11-2022 | 10-01-2023 |
| ശ്രീമതി.ആയിഷ.എ | അക്രഡിറ്റഡ് എഞ്ചിനിയർ | 11-01-2023 | 23-03-2023 |
| ശ്രീമതി.ഇന്ദു.എൽ | അസിസ്റ്റന്റ് എഞ്ചിനിയർ ഇൻചാർജ്ജ് | 24-03-2023 | 31-03-2023 |
| ഡോ. ഷംന ബി എൻ | മെഡിക്കൽ ഓഫീസർ | 01-04-2022 | 02-05-2022 |

| | | | |
|---|---|---|---|
| | (ഹോമിയോ) | | |
| ഡോ. സ്മിത ആർ എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 02-05-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല. | 1-1.1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1.2 |
| 4 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും ബാങ്ക് അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1.3 |
| 5 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല | 1-1.4 |
| 6 | ഹഡ്കോ ലോൺ വായ്പ 2022-23 ലെ നീക്കിയിരിപ്പ് - 7,987/- രൂപ | 1-1.5 |
| 7 | വികസന ഫണ്ട് ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല. | 1-1.6 |
| 8 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി | 1-1.7 |
| 9 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1.8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾ | 1-7 |
| 16 | ക്യാഷ് പരിശോധന | 1-8 |
| 17 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | തൊഴിൽ നികുതി | 1-11 |
| 20 | വാടക - ബൈലോ ലംഘിച്ച് ഡെപ്പോസിറ്റ് തുക തിരികെ നല്കി | 1-12 |
| 21 | ലേലം ചെയ്ത് നൽകിയ കടമുറികളുടെ വാടക ലഭ്യമാകുന്നില്ല. | 1-13 |
| 22 | മണ്ണ് ലേലം- തുടർനടപടി അറിയിക്കേണ്ടതാണ്. | 1-14 |
| 23 | ഡെപ്പോസിറ്റ് തുക ഒടുക്കിയ രസീത് ഹാജരാക്കാതെ റീഫണ്ട് ചെയ്തു. | 1-15 |

| | | |
|---|---|---|
| 24 | ഗ്രാമപഞ്ചായത്ത് വക ആംബുലൻസ് നിഷ്ക്രിയ ആസ്തിയായി | 1-16 |
| 25 | വില്ലേജ് ഓഫീസിനായി കമ്മ്യൂണിറ്റി ഹാൾ വിട്ടുനൽകി - വാടക ഈടാക്കിയില്ല. | 1-17 |
| 26 | അങ്കണവാടികളിലെ വെള്ളക്കരം ആവർത്തിച്ചു നൽകി - 1,278/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല | 1-18 |
| 27 | കോഴ്സ് കഴിഞ്ഞവർക്ക് ലാപ്പ്ടോപ്പ് നൽകി - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 1-19 |
| 28 | ജെ.സി.ബി. വാടക - രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 29 | മുറിച്ച മരം ലേലം ചെയ്ത് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയില്ല. | 1-21 |
| 30 | കന്നുകുട്ടി പരിപാലനം-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 31 | മഴക്കാല രോഗപ്രതിരോധം - രേഖകൾ ലഭ്യമാക്കിയില്ല | 1-23 |
| 32 | ഹരിതകർമ്മ സേന – അവലോകനം | 1-24 |
| 33 | മാർഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നിർവഹണം | 1-25 |
| 34 | എൽ.എം.ആർ. നിരക്ക് അപ്ഡേഷൻ വൈകി. 42,926/- രൂപയുടെ അധിക ചെലവ് | 1-26 |
| 35 | യഥാസമയം അപേക്ഷ നൽകാത്തവർക്ക് ആനുകൂല്യം നൽകി | 1-27 |
| 36 | ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നിർവഹിക്കാതെ വൈദ്യുതോപകരണങ്ങൾ വാങ്ങി ഫിറ്റ് ചെയ്തു | 1-28 |
| 37 | മരുന്നുകൾ ലഭ്യമായില്ല - 1,27,579/- രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു | 1-29 |
| 38 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-30 |
| 39 | വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. 5,85,529/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-31 |
| 40 | ടാപ്പുകൾ വിച്ഛേദിയ്ക്കാത്തതിനാൽ വെള്ളക്കരം ഇനത്തിൽ വലിയ തുക ഗ്രാമപഞ്ചായത്തിന് ബാദ്ധ്യതയാവുന്നു. | 1-32 |
| 41 | തനത് വരുമാനം-അവലോകനം | 1-33 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അങ്കണവാടികളിലെ വെള്ളക്കരം ആവർത്തിച്ചു നൽകി - 1,278/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 31-03-2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റുമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 14-07-2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 2(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 20-7-2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്നതരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടു കൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1.1 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്, നോട്ട്സ് ഓൺ അക്കൗണ്ട് എന്നിവ വാർഷിക കണക്കിനൊപ്പം ഉൾപ്പെട്ടിട്ടില്ല.

### 1-1.2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിംഗ്, ഇൻവെസ്റ്റിംഗ്, ഫിനാൻസിംഗ് പ്രവൃത്തികളിൽ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ = ₹78,62,986/-

നീക്കിയിരിപ്പും മുന്നിരിപ്പും തമ്മിലുള്ള വ്യത്യാസം (40b - 40a) = ₹-24,31,700/-

വ്യത്യാസം = ₹1,02,94,686/-

### 1-1.3 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും ബാങ്ക് അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

B4 ഷെഡ്യൂൾ പ്രകാരമുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പ് – 4,48,364/- രൂപ.
RP40(b)SBI PFMs പ്രകാരമുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പ് – 5,18,626/- രൂപ.
വ്യത്യാസം – 70,262/- രൂപ.
പ്രോജക്കുകളിലെ വിവിധ ഇനങ്ങളിലെ ഡിഡക്ഷൻ തുക, 70,262 /- രൂപ 31-3-23 ന് ശേഷമാണ് ചെലവഴിച്ചിട്ടുള്ളത്. ആയതിനാലാണ് വ്യത്യാസം ഉണ്ടായത്. ഡിഡക്ഷൻ തുക B9 ൽ ഉൾപ്പെട്ടിട്ടുണ്ട്.

### 1-1.4 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല

Beneficiary Contribution A.C.R പ്രകാരമുള്ള തുകയും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

A.C.R പ്രകാരമുള്ള തുക – 53,778 /-രൂപ.

A.F.S B4 പ്രകാരമുള്ള തുക – 46,278 /-രൂപ.

വ്യത്യാസം – 7,500 /-രൂപ. (ഗുണഭോക്താവിന് തിരികെ നൽകിയ 7,500 /- രൂപ ചെലവായി രണ്ട് പ്രാവശ്യം ഉൾപ്പെടുത്തിയതിനാലാണ് A.F.S ൽ 7,500 /- രൂപ കുറഞ്ഞ് നിൽക്കുന്നത്).

Capital Work In Progress

A.F.S. പ്രകാരമുള്ള തുക - 12,74,893 /-രൂപ.

A.E. ഓഫീസിൽ നിന്ന് ലഭ്യമായ രേഖകൾ പ്രകാരം – 16,22,835 /-രൂപ.

വ്യത്യാസം – 3,47,942 /-രൂപ.
137/23 പ്രകാരമുള്ള 3,47,942 /-രൂപയുടെ ചെലവ് A.F.S. ൽ ഉൾപ്പെട്ടിട്ടില്ല.

### 1-1.5 ഹഡ്കോ ലോൺ വായ്പ 2022-23 ലെ നീക്കിയിരിപ്പ് - 7,987/- രൂപ

ഹഡ്കോ വായ്പ 2022-23 A.C.R. ലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| 13 | 86,70,635/- | 86,70,648/- | 86,78,635/- | -7,987/- |

നീക്കിയിരിപ്പ് – 7987 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഹഡ്കോ വായ്പ സംബന്ധിച്ച 2021-22 ലെ രേഖപ്പെടുത്തലിലുണ്ടായ തെറ്റുമൂലം 2022-23 ലെ പ്രാരംഭ ബാക്കി 4,71,880/- രൂപ എന്ന് കണക്കാക്കിയതിനാലാണ് ഇപ്രകാരം ഉണ്ടായത്.

### 1-1.6 വികസന ഫണ്ട് ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല.

2022-23 ൽ വികസന ഫണ്ട് ജനറൽ നിന്നും പേയ്മെന്റ് നൽകുന്നതിനായി ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതും എന്നാൽ 2022-23 ൽ പേയ്മെന്റ് ആകാത്തതുമായ ബില്ലുകൾ ACR ൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്തതിനാൽ ചെലവിനത്തിൽ 76,390/- രൂപയുടെ വ്യത്യാസം ഉണ്ട്. വിശദ വിവരം

ചുവടെ ചേർക്കുന്നു.

| സീരിയൽ നമ്പർ | ബിൽ നമ്പർ/തീയതി | പ്രോജക്ട് നമ്പർ | തുക(രൂപ) |
|---|---|---|---|
| 1 | 467/28-3-23 | 25/23 | 35,390/- |
| 2 | 495/31-3-23 | 107 | 41,000/- |

1-1.7 രസീത് തെറ്റായ ശീർഷകത്തിൽ നൽകി

വാർഷിക ധനകാര്യ പത്രികയിലെ Advance Collection Of Revenues-Sale Of Sand ൽ 92,302/- രൂപ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ തുക സ്ഥലം മാറ്റം ലഭിച്ച ഉദ്യോഗസ്ഥന്റെ Festival Advance, ശമ്പളം എന്നിവയാണ്. ആയത് തെറ്റായി വരവ് ചെയ്തതാണ്.

1-1.8 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

B18 ൽ Advance To KSEB എന്ന ഹെഡിൽ Post Shifting നായി നൽകിയ 38,817/- രൂപയുടെ (55,000/-രൂപ നൽകിയതിൽ 16,183/-രൂപയ്ക്ക് UC ലഭിച്ചു) വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല.

1-2 ബജറ്റ്

14.03.2023 ലെ 3(1) നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചു.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,18,41,034/- |
| ഓഡിറ്റ് വർഷത്തെ വരവ് | 4,26,93,510/- |
| ആകെ | 5,45,34,544/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,51,25,210/- |
| നീക്കിയിരിപ്പ് | 94,09,334/- |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,278/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12,08,541/- |

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,34,27,000/- | 1,34,27,000/- | 1,24,19,277/- | 10,07,723/- |
| വികസനഫണ്ട് (എസ്.സി.പി) | 0 | 37,21,000/- | 37,21,000/- | 37,17,993/- | 3,007/- |
| വികസനഫണ്ട് (റ്റി.എസ്.പി) | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) Treasury | 0 | 8,25,168/- | 8,25,168/- | 5,56,034/- | 2,69,134/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7,67,383/- | 32,39,000/- | 40,06,383/- | 37,11,292/- | 2,95,091/- |

| | | | | | |
|---|---|---|---|---|---|
| (Tied) Bank | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied)Treasury | 0 | 27,942/- | 27,942/- | 0 | 27,942/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied)bank | 4,43,626/- | 22,49,370/- | 26,92,996/- | 25,39,723/- | 1,53,273/- |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 48,05,000/- | 48,05,000/- | 41,44,578/- | 6,60,422/- |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 55,34,000/- | 55,34,000/- | 54,55,657/- | 78343/- |

| | | | | | |
|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | |
| ലൈഫ് മിഷൻ - സംസ്ഥാന വിഹിതം | 7,80,000/- | 45,00,000/- | 52,80,000/- | 41,77,816/- | 11,02,184/- |
| ശുചിത്വമിഷൻ ഗ്രാന്റ് | 0 | 1,30,000/- | 1,30,000/- | 1,30,000/- | 0 |
| എസ്.എസ്.എ. | 81,789/- | 3,305/- | 85,094/- | 0 | 85,094/- |
| റ്റി.എസ്.സി. | 83,761/- | 1,30,000/- | 2,13,761/- | 1,54,900/- | 58,861/- |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | |
| ICDS | 25,08,071/- | 12,61,550/- | 37,69,621/- | 9,62,685/- | 28,06,936/- |
| MNREGS ഭരണചെലവുകൾ | 2,000/- | 10,35,035/- | 10,37,035/- | 10,37,035/- | 0 |
| Health Grant PHC Infrastructure | 0 | 3,22,726/- | 3,22,726/- | 57,671/- | 2,65,055/- |
| Health Grant Subcentre | 0 | 1,78,478/- | 1,78,478/- | 79,018/- | 99,460/- |
| NABARD | 13,30,000/- | 0 | 13,30,000/- | 0 | 13,30,000/- |
| Biodiversity | 2,78,510/- | 7,464/- | 2,85,974/- | 7,300/- | 2,78,674/- |
| Clean Kerala | 14,739/- | 37,023/- | 51,762/- | 14,860/- | 36,902/- |
| ശുചിത്വ മിഷൻ ഗ്രാന്റ് | 21,18,124/- | 0 | 21,18,124/- | 12,34,646/- | 8,83,478/- |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | 67,189/- | - | 67,189/- | - | 67,189/- |
| CMDRF | 500/- | 0 | 500/- | 0 | 500/- |
| Covid | 3,31,962/- | 0 | 3,31,962/- | 649/- | 3,31,313/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 145 | 10,95,80,646/- | 131 | 585,41,293/- | 0 | 14 | 90.34 |

### പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2,000/- | 10,35,035/- | 10,37,035/- | 10,37,035/- | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,16,94,832/- | 3,16,94,832/- | 3,16,94,832/- | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 2,000/- | 3,27,29,867/- | 3,27,31,867/- | 3,27,31,867/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ |
|---|---|
| തൊഴിൽരഹിത വേതനം | 0 |
| കർഷക തൊഴിലാളി പെൻഷൻ | 9,65,600/- |
| വിധവാപെൻഷൻ | 78,26,300/- |
| വാർദ്ധക്യകാല പെൻഷൻ | 1,11,41,800/- |
| വികലാംഗ പെൻഷൻ | 31,28,400/- |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1,63,200/- |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30,000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.9.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹6,578/-ക്യാഷ് ബാലൻസ്/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾക്കുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

നികുതി പിരിവിന്റെ കാര്യക്ഷമത ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി വിലയിരുത്തി മെച്ചപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. കേരളാ പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ ഫ്രണ്ട് ഓഫീസ് വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. പ്രതിദിന കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. ILGMS സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്. മേൽചട്ടങ്ങളുടെ 29-ാം വകുപ്പിൽ പ്രതിപാദിക്കും പ്രകാരം ചെലവുകൾ അധികാരപ്പെടുത്തി വൗച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. ചെക്കായി നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങിസൂക്ഷിക്കുകയും കൃത്യമായി ബാങ്കിൽ നൽകി അക്കൗണ്ടിൽ ക്രഡിറ്റ് ആക്കുകയും ചെയ്യുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട വരുമാന വർദ്ധനവിന് ആവശ്യമായ വിഷയങ്ങളിൽ പോലും ഗ്രാമപഞ്ചായത്ത് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് സംഭാവനയായി ലഭിച്ച ആംബുലൻസ് നിഷ്ക്രിയ ആസ്തിയായി തുടരുന്നു.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ നിർവഹിക്കുന്നതിനുമായി അഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാകേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.04.2017 മുതൽ 24.04.2017 വരെ | 2012-13 മുതൽ 2016-17 വരെ | 17.06.2017 |
| പെർഫോർമൻസ് ഓഡിറ്റ് | 17.08.2022 | 04/2022 മുതൽ 06/2022 വരെ | 22.08.2022 |

## 1-11 തൊഴിൽ നികുതി

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

1) 2022-23 ലെ തൊഴിൽനികുതി രജിസ്റ്റർ, സ്റ്റേറ്റുമെന്റ് എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ, തെക്കുംഭാഗം എന്ന സ്ഥാപനത്തിന്റെ ഒന്നും രണ്ടും വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ബി.എസ്.എൻ.എൽ, തെക്കുംഭാഗം എന്ന സ്ഥാപനത്തിന് സ്ഥാപന നികുതി അടവാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നല്കിയിരുന്നുവെങ്കിലും തുക അടവാക്കിയില്ല എന്നാണ് മറുപടി നല്കിയത്. സ്ഥാപന തൊഴിൽ നികുതി ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2) വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

3) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി അടവാക്കാൻ കരാറുകാർക്ക് ഡിമാന്റ് നോട്ടീസ് നല്കുകയോ, റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്നാണ് മറുപടി നല്കിയത്. തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് തുക ഈടാക്കിയ രേഖകൾ ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 2/15.9.23

## 1-12 വാടക - ബൈലോ ലംഘിച്ച് ഡെപ്പോസിറ്റ് തുക തിരികെ നല്കി

നടയ്ക്കാവ് മാർക്കറ്റിൽ സ്ഥിതി ചെയ്യുന്ന പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ താഴെ പറയുന്ന കടമുറികൾ 2022-23 ൽ വാടകയ്ക്ക് എടുത്തവർ വാടക ഒടുക്കാതെ കരാർ കാലാവധി തീരും മുൻപ് കടമുറി ഒഴിഞ്ഞു

പോകുകയും അവർക്ക് ഡെപ്പോസിറ്റ് തുകയിൽ നിന്നും വാടക കുടിശ്ശിക ഈടാക്കി അവശേഷിക്കുന്ന തുക തിരികെ നൽകിയതായും കാണുന്നു. തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് ബൈല ക്രമ നം. 25 പ്രകാരം ലേലക്കാരൻ മുൻകൂറായി ആവശ്യപ്പെട്ടാൽ ലേലകാലാവധി തീരും മുൻപ് തന്നെ അയാളുടെ സെക്യൂരിറ്റിയും, മുൻകൂർ വാടകയും പിഴയായി വസൂലാക്കിക്കൊണ്ട് അയാളെ ഒഴിവാക്കി മുറി തിരിച്ചു വാങ്ങാൻ പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കും. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം: | കടമുറി നം: | ഉടമസ്ഥന്റെ പേര് | മാസവാടക തുക (₹) | കരാർ വെച്ച തീയതി/ കാലയളവ് | ഡെപ്പോസിറ്റ് തുക (₹) | ഈടാക്കിയ വാടക കുടിശ്ശിക+ ജി.എസ്.റ്റി+ പിഴ പലിശ (₹)/ കാലയളവ് |
|---|---|---|---|---|---|---|
| 1 | 4 | ശ്രീ. സണ്ണി മൈക്കിൾ, മൂന്നു മൂലയിൽ, വടക്കുംഭാഗം | 6,367/- | 13/01/20 രണ്ട് വർഷത്തേക്ക്; ശേഷം കരാർ വെച്ചിട്ടില്ല | 3,00,000/- | 38,141/- (ഏപ്രിൽ To ഓഗസ്റ്റ്) |
| 2 | Aid Post Room | ശ്രീ. ജയരാജു, കന്നിമേൽത്തറ | 1,575/- | 10.03.22, 11 മാസക്കാലയളവിലേക്ക് | 50,000/- | 11,650/- (ഓഗസ്റ്റ് To ജനുവരി) |
| 3 | 1 | ശ്രീ. ഹനിൽ കുമാർ, ദീപം, പട്ടം | 6,150/- | 24.1.23, 11 മാസക്കാലയളവിലേക്ക് | 2,00,000/- | 53,389/-(സെപ്റ്റംബർ To മാർച്ച് ) |
| 4 | 7 | ശ്രീ. കണ്ണൻ, ഗോകുലം, കാവനാട് | 5,700/- | 12 മാസക്കാലയളവിലേക്ക് (2021-22) | 2,00,000/- | 27,764/- (നവംബർ To ഫെബ്രുവരി) |
| 5 | 7 | ശ്രീ. ബിജു, കണ്ണംകടയ്ക്കൽ | 3,600/- | 1/4/22, 11 മാസക്കാലയളവിലേക്ക് | 75,000/- | 26136/- (ഏപ്രിൽ To സെപ്റ്റംബർ) |
| 6 | 9 | ശ്രീ. സണ്ണി മൈക്കിൾ, മൂന്നു മൂലയിൽ, വടക്കുംഭാഗം | 3,600/- | 2/4/22, 11 മാസക്കാലയളവിലേക്ക് | 75,000/- | 26136/- (ഏപ്രിൽ To സെപ്റ്റംബർ) |

ക്രമ നം. 3-ലെ വ്യക്തി ശ്രീ. ഹനിൽ കുമാർ 2022-23 ൽ വാടക ഇനത്തിൽ ഒടുക്കേണ്ടുന്ന 53,389/- രൂപ ഡെപ്പോസിറ്റ് തുകയിൽ നിന്ന് അഡ്ജസ്റ്റ് ചെയ്തതിനു ശേഷം 1,46,611/- രൂപ 2023-24 ലെ വാടക ഇനത്തിൽ ഡെപ്പോസിറ്റ് ആയി നിലനിർത്തിയിരിക്കുന്നു. കുറവായ ഡെപ്പോസിറ്റ് തുക ഡിമാന്റ് ചെയ്തതായി കാണുന്നു.

ബൈലോ ലംഘിച്ച് ഡെപ്പോസിറ്റ് തുക തിരികെ നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മൂന്ന് മാസത്തെ വാടകയെക്കാൾ കൂടിയ തുക ആണ് ഡെപ്പോസിറ്റ് ആയി ഈടാക്കുന്നതെന്നും, തിരക്ക് കുറഞ്ഞ മാർക്കറ്റിൽ ഡെപ്പോസിറ്റ് തുക പിഴയായി ഈടാക്കിയാൽ കടമുറികൾ ലേലത്തിൽ പോകുന്നതിന് തടസ്സം നേരിടുമെന്നതിനാലും ആണ് ഡെപ്പോസിറ്റ് തുക തിരികെ നല്കിയതെന്ന് ആണ് മറുപടി നല്കിയത്. ബൈലോയിലെ വ്യവസ്ഥകൾ ലംഘിച്ചു മുൻകൂർ തിരികെ നൽകിയത് ക്രമവിരുദ്ധവും പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടാക്കിയതുമായ നടപടിയാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-13 ലേലം ചെയ്ത് നൽകിയ കടമുറികളുടെ വാടക ലഭ്യമാകുന്നില്ല.

നടയ്ക്കാവ് മാർക്കറ്റിൽ സ്ഥിതി ചെയ്യുന്ന ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ 16/08/2022 നടന്ന ലേലത്തിൽ പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ 3, 10 നമ്പർ കടമുറികളും പഴയ ഷോപ്പിംഗ് കോംപ്ലക്സിലെ 2-ാം നമ്പർ കടമുറിയും, 20/10/2022 ൽ നടന്ന ലേലത്തിൽ പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ 8, 9 നമ്പർ കടമുറികളും തെക്കുംഭാഗം സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി ലേലം കൊണ്ടിരുന്നു. പഴയ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറി നം. 2, പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ 3, 8, 9, 10 എന്നിവ യഥാക്രമം 1,000/-രൂപ, 4,600/- രൂപ, 1,800/-രൂപ, 1,800/-രൂപ, 2,800/- രൂപ എന്നീ നിരക്കിൽ ആണ് ലേലം കൊണ്ടിട്ടുള്ളത്. ഡെപ്പോസിറ്റ് തുക ഒഴിവാക്കി 15 വർഷത്തേക്ക് കരാർ വെയ്ക്കുന്നതിന് ബാങ്ക് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വാർഷിക വർദ്ധന 5% വരുത്തി പ്രസ്തുത കടമുറികൾ നല്കാൻ പഞ്ചായത്ത് ഡയറക്ടറുടെ അനുമതി കൂടി വാങ്ങണമെന്ന് ഗവ. പ്ലീഡറുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ 23/05/23 ൽ കത്ത് നല്കിയെങ്കിലും നാളിതുവരെ മറുപടി ലഭ്യമായിട്ടില്ല. ലേലം ചെയ്ത് നല്കി നാളിതുവരെയായിട്ടും കടമുറികൾക്ക് വാടക ലഭ്യമായിട്ടില്ല. ലേലം കൊണ്ടിട്ടുള്ള സാഹചര്യത്തിൽ വാടക അടവാക്കുന്നതിന് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടറുടെ അനുവാദത്തിനായി ഉചിത മാർഗേന അയച്ച് നല്കിയിട്ടുണ്ടെന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. വാടക ഈടാക്കുന്നതിന് സ്വീകരിക്കുന്ന തുടർനടപടി വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 17/ 18.9.2023.

## 1-14 മണ്ണ് ലേലം- തുടർനടപടി അറിയിക്കേണ്ടതാണ്.

9-ാം വാർഡിൽ ദളവാപുരം-പള്ളിക്കോടി ഡ്രഡ്ജിംഗ് പ്രവൃത്തിയുടെ ഭാഗമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഡ്രഡ്ജ് ചെയ്ത് നിക്ഷേപിച്ചിരിക്കുന്ന 902.22 $M^3$ ഡ്രഡ്ജ് സോയിൽ നാളിതുവരെ ലേലം ചെയ്തിട്ടില്ല. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും പഞ്ചായത്തും തമ്മിൽ ഒപ്പു വെച്ച ഉടമ്പടി പ്രകാരം കായലിൽ നിന്നും ഡ്രഡ്ജ് ചെയ്ത മണ്ണ് പഞ്ചായത്തിനല്ലാതെ മറ്റൊരു സ്വകാര്യ വ്യക്തിക്കും കൈവശമാക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതല്ല. അസിസ്റ്റന്റ് എഞ്ചിനീയർ 1/12/2022 ൽ നൽകിയ വാല്യൂവേഷനിൽ 530.53 $M^3$ മണ്ണിനാണ് 21,220/- രൂപ വാല്യൂവേഷൻ നിശ്ചയിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 12.12.2022 ലെ തീരുമാനം നമ്പർ 16(1) പ്രകാരം രൂപീകരിച്ച സബ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് അനുസരിച്ച് ഡ്രഡ്ജ് ചെയ്ത 902.22 $M^3$ സോയിലിൽ 530.50 $M^3$ ഡ്രഡ്ജ് സോയിലാണ് നിലവിൽ ഉള്ളത്. ബാക്കി വരുന്ന സോയിൽ സ്ഥല ഉടമസ്ഥരുടെ സമീപമുള്ള മീൻ കുളത്തിൽ അടിഞ്ഞിട്ടുള്ളതായും ആയത് പഞ്ചായത്ത് അനുവദിക്കുന്ന പക്ഷം സ്ഥല ഉടമസ്ഥർ തന്നെ കരയിലേക്ക് മാറ്റാം എന്ന് സബ് കമ്മിറ്റിയെ അറിയിച്ചതിന്റെ പശ്ചാത്തലത്തിലും ആയതിന് അനുവാദം നൽകി 17.01.23 ലെ 3(1) നമ്പർ ആയി കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ മണ്ണ് ലേലം ചെയ്ത് തുക മുതൽക്കൂട്ടിയിട്ടില്ല. 14/06/22 ൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും പഞ്ചായത്തും തമ്മിൽ ഒപ്പു വെച്ച ഉടമ്പടി പ്രകാരം ഡ്രഡ്ജ് ചെയ്ത സോയിൽ വിൽക്കുവാനോ, സ്വന്തമാക്കുന്നതിനോ പഞ്ചായത്ത് സർക്കാർ അനുമതി കൂടി വാങ്ങണം. പ്രസ്തുത അനുമതി നാളിതുവരെ ലഭ്യമായിട്ടില്ല എന്നും, മഴ മൂലവും, വേലിയേറ്റം, വേലിയിറക്കം എന്നിവ മൂലവും മണ്ണ് ഒഴുകി പോകുന്നതിനാൽ, ആയത് സൂചിപ്പിച്ചുകൊണ്ട് ഹാർബർ എഞ്ചിനീയറിംഗിന് കത്ത് നല്കിയിരുന്നുവെന്നും മണ്ണ് സൂക്ഷിച്ചിട്ടുള്ള പുരയിടത്തിന്റെ ഉടമസ്ഥൻ ആയത് മാറ്റി നല്കുന്നതിന് നിരന്തരം ആവശ്യപ്പെടുന്ന സാഹചര്യത്തിൽ മണ്ണ് ലേലം ചെയ്ത് നല്കുന്നതിന് ഭരണ സമിതി യോഗം നിലവിൽ തീരുമാനിച്ചിട്ടുണ്ടെന്നും ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു മറുപടി ലഭ്യമാക്കി. ഈ വിഷയത്തിൽ അടിയന്തിര തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 21/19.9.2023.

## 1-15 ഡെപ്പോസിറ്റ് തുക ഒടുക്കിയ രസീത് ഹാജരാക്കാതെ റീഫണ്ട് ചെയ്തു.

നടയ്ക്കാവ് മാർക്കറ്റിലെ ടേക്ക്-എ-ബ്രേക്ക് കോഫി ഷോപ്പ് 19.03.2022 ൽ ലേലം കൊണ്ട വകയിൽ ഡെപ്പോസിറ്റായി ഒടുക്കിയ 10,000/-രൂപ (ചെക്ക് നം. – 637600/ 02.11.2022) ശ്രീ. മൈക്കിൾ പത്രോസിന് അസ്സൽ രസീത് ഹാജരാക്കാതെ റീഫണ്ട് ചെയ്ത് നൽകി. രസീത് ഹാജരാക്കാൻ കഴിയാത്ത വിധം നഷ്ടപ്പെട്ടുപോയാൽ ബന്ധപ്പെട്ട കക്ഷിയിൽ നിന്നും “ഇൻഡെമ്നിറ്റി ബോണ്ട് ” വാങ്ങി മാത്രമേ തുക നൽകാൻ പാടുള്ളൂ. എന്നാൽ മേൽ പരാമർശിക്കപ്പെട്ട രേഖകളുടെ അഭാവത്തിൽ തുക റീഫണ്ട് ചെയ്ത് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഭരണസമിതിക്ക് മുമ്പാകെ നൽകിയ അപേക്ഷ പരിഗണിച്ച് വീണ്ടും തുകയ്ക്ക് അവകാശവാദം ഉന്നയിക്കുകയില്ല എന്ന് ബോധ്യപ്പെട്ടത് പരിഗണിച്ചാണ് തുക അനുവദിച്ച് നൽകിയതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഈ മറുപടി അംഗീകാരയോഗ്യമല്ലാത്തതിനാൽ രേഖകൾ ഇല്ലാതെ റീഫണ്ട് ചെയ്ത് നൽകിയ 10,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തടസ്സം ഒഴിവാക്കുന്നതിനായി പരാമർശിക്കപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 9/18.9.2023.

തടസ്സം - 10,000/-രൂപ.

1-16 ഗ്രാമപഞ്ചായത്ത് വക ആംബുലൻസ് നിഷ്ക്രിയ ആസ്തിയായി

കോവിഡ് പ്രതിസന്ധി രൂക്ഷമായ സാഹചര്യത്തിൽ മറ്റ് രോഗങ്ങളാൽ കഷ്ടത അനുഭവിക്കുന്ന രോഗികളെ ഗ്രാമപഞ്ചായത്ത് ഹോസ്പിറ്റലിൽ എത്തിച്ചിരുന്നത് ആംബുലൻസ് വാടകയ്ക്കെടുത്താണ്. ഗ്രാമപഞ്ചായത്ത് നിവാസികൾക്ക് രോഗികളെ വിവിധ ആശുപത്രികളിൽ എത്തിക്കുന്നതിന് ഒരു ആംബുലൻസ് ഇല്ലാത്ത സാഹചര്യത്തിൽ യുണൈറ്റഡ് വേ ഇൻഡ്യ, മഹാരാഷ്ട്ര എന്ന സ്ഥാപനം സംഭാവനയായി ഗ്രാമപഞ്ചായത്തിന് നൽകിയതാണ് ആംബുലൻസ്. (രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നം./തീയതി-6008797/1.4.22, Vehicle Class : Ambulance, Reg.No. KL-23-U-7385, Makers Name : Force Motors Limited, Model Name : Traveller TI Ambulance).

ചവറ ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള തെക്കുംഭാഗം സി.എച്ച്.സിക്ക് ആംബുലൻസ് കൈമാറുന്നതിന് 29.4.2022 ൽ 6 – നമ്പർ ആയി ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തു. തുടർന്ന് ആംബുലൻസിന്റെ രജിസ്ട്രേഷൻ ജില്ലാ മെഡിക്കൽ ഓഫീസറുടെ പേരിലാക്കുന്നതിനും, ആംബുലൻസിന്റെ തുടർ പരിപാലനം തെക്കുംഭാഗം സാമൂഹ്യാരോഗ്യകേന്ദ്രം എച്ച്.എം.സിയെ ഏൽപ്പിക്കുന്നതിനും, ആയതിന് സർക്കാർ അനുമതി തേടുന്നതിനും 15.6.2022 ൽ 9(1) നമ്പർ ആയി ഗ്രാമപഞ്ചായത്ത് തീരുമാനിച്ചെങ്കിലും നാളിതുവരെ സാമൂഹ്യാരോഗ്യകേന്ദ്രത്തിന് കൈമാറുകയോ, തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തില്ല. താല്ക്കാലിക ഷെഡ്, സ്റ്റാർട്ട് ചെയ്യുന്നതിനാവശ്യമായ ഡീസൽ, ഇൻഷുറൻസ്, ബാറ്ററി എന്നീ ആംബുലൻസ് പരിപാലന ചെലവുകളും ഗ്രാമപഞ്ചായത്ത് വഹിക്കുന്നു. പാലിയേറ്റീവ് പരിചരണ പദ്ധതികൾക്ക് വർഷന്തോറും വാഹന വാടകയിനത്തിൽ (Rs.800/day) ലക്ഷകണക്കിന് രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിക്കുമ്പോൾ, നിഷ്ക്രിയ ആസ്തിയായി കിടക്കുന്ന ഈ ആംബുലൻസ് ഉപയോഗിക്കാതെ നശിക്കുന്നു. ആർ.സി. രേഖകൾ പ്രകാരം 01.04.2022 ൽ രജിസ്റ്റർ ചെയ്ത് ഗ്രാമപഞ്ചായത്തിന് നൽകിയ ആംബുലൻസ് വർഷങ്ങൾ കഴിഞ്ഞിട്ടും നിഷ്ക്രിയ ആസ്തിയായി തുടരുന്നതിന് വിശദീകരണവും, തുടർ നടപടി വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സർക്കാർ തീരുമാനം ലഭ്യമാകുന്നതുവരെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായി ആംബുലൻസ് തെക്കുംഭാഗം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് വിട്ടുനൽകുന്നതിനുള്ള തീരുമാനം എടുക്കുന്നതിനായി 19.09.2023 ലെ പഞ്ചായത്ത് കമ്മിറ്റിയിൽ അജണ്ട ചേർത്തിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

എൻക്വയറി നം.6/ 18.09.2023.

1-17 വില്ലേജ് ഓഫീസിനായി കമ്മ്യൂണിറ്റി ഹാൾ വിട്ടുനൽകി - വാടക ഈടാക്കിയില്ല.

10.11.2020ലെ 7(1) നമ്പർ കമ്മിറ്റി തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള കമ്മ്യൂണിറ്റി ഹാൾ 11/20 മുതൽ 11/22 വരെ വില്ലേജ് ഓഫീസിനായി വിട്ടുനൽകിയെങ്കിലും വാടക ഈടാക്കിയില്ല. ഈ കാലയാളവിൽ വില്ലേജ് ഓഫീസ് പ്രവർത്തിച്ച കമ്മ്യൂണിറ്റി ഹാളിലെ വാട്ടർ ടാങ്ക് മെയിന്റനൻസ് ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തലുകൾക്കായി ഗ്രാമപഞ്ചായത്ത് തുക ചെലവഴിച്ചിട്ടുണ്ട്. 13.4.1999 ലെ IV-നമ്പർ കമ്മിറ്റി തീരുമാനപ്രകാരവും, പഞ്ചായത്ത് ഡയറക്ടറുടെ 3.11.1999 ലെ സി5-34743/1999 നമ്പർ കത്ത് പ്രകാരവും അംഗീകരിച്ച ബൈലോ ക്രമ നമ്പർ 4 അനുസരിച്ച് കേന്ദ്ര-സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾക്കും, അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും പഞ്ചായത്ത് വക കെട്ടിടങ്ങളോ, മുറികളോ ലേലം കൂടാതെ തന്നെ കൂടിയലോചന വഴി വാടക നിശ്ചയിച്ച് നൽകുവാൻ പഞ്ചായത്തിന് അധികാരമുണ്ട്. പഞ്ചായത്തിന് ആവശ്യമായി വരുമ്പോൾ, ഇങ്ങനെ നൽകുന്ന കെട്ടിടങ്ങൾ, മൂന്ന് മാസത്തെ മുൻകൂർ നോട്ടീസ് നൽകിയശേഷം ഒഴിപ്പിക്കുന്നതിനും അവകാശം ഉണ്ടായിരിക്കും. ഇപ്രകാരം നൽകുന്ന കെട്ടിടത്തിന്റെ വാടക കൃത്യമായി നൽകുന്നതിനുള്ള ബാദ്ധ്യത വാടകയ്ക്കെടുക്കുന്ന സ്ഥാപനത്തിന്റെ അതാതുകാലത്തെ ചുമതലക്കാരനുണ്ടായിരിക്കും. ഇത് സമ്മതിച്ചുകൊണ്ട് ടിയാൻ പഞ്ചായത്തുമായി ഉടമ്പടി വയ്ക്കേണ്ടതാണ്. വില്ലേജ് ഓഫീസുമായി ഉടമ്പടിയിൽ ഏർപ്പെട്ട്, ആയതുപ്രകാരം വാടക ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ചെറിയ കാലയളവിലേക്ക് പ്രവർത്തിക്കുന്നതിന് കുറഞ്ഞ നിരക്കിൽ വാടക കെട്ടിടം ലഭ്യമാകാതിരുന്നതിനാൽ വില്ലേജ് ഓഫീസ് ദൂരത്തേക്ക് മാറ്റുന്ന സാഹചര്യം ഒഴിവാക്കുന്നതിനാണ് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കമ്മ്യൂണിറ്റി ഹാൾ വിട്ടു നൽകിയതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ബൈലോ പ്രകാരം ഇത് അനുവദനീയമല്ലാത്തതിനാൽ റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് നിയമാനുസൃത വാടക ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

എൻക്വയറി നം. 8/18.09.2023.

## 1-18 അങ്കണവാടികളിലെ വെള്ളക്കരം ആവർത്തിച്ചു നൽകി - 1,278/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല

പ്രോജക്ടിന്റെ പേര് - അങ്കണവാടികളിലെ കണ്ടിജന്റ് ചെലവുകൾ.

പ്രോജക്ട് നം – 70/23

അടങ്കൽ തുക - 67,909/-രൂപ (വികസന ഫണ്ട് -ജനറൽ)

ചെലവ് - 67,897/-രൂപ

2022-23 ൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയനുസരിച്ച് ഗ്രാമപഞ്ചായത്തിലെ 16 അങ്കണവാടികളിലെ വാട്ടർ ചാർജ്ജ്, കറണ്ട് ചാർജ്ജ്, വാടക ഒടുക്കുന്നതിന് അതാത് അങ്കണവാടി വർക്കർമാരുടെ പേരിലാണ് തുക അനുവദിച്ച് നൽകുന്നത്. V-ാംവാർഡിലെ മണിയങ്കര കോളനിയിലെ 14-ാം നമ്പർ അങ്കണവാടിയിലെ (കൺസ്യൂമർ ഐ.ടി. TKP2870/N) 7/22 ലെ വാട്ടർ ചാർജ്ജ് കേരള വാട്ടർ അതോറിറ്റിയുടെ 9.7.2022 തിയതിയിലെ 96918478-നമ്പർ ബിൽ പ്രകാരമുള്ള തുക 1,278/-രൂപ (കുടിശ്ശിക ഉൾപ്പടെ) (ബിൽ നം- 5/29.8.22) ഒടുക്കുന്നതിന് അങ്കണവാടി വർക്കർ ശ്രീമതി. ഗിരിജയുടെ പേരിൽ അനുവദിച്ചു നൽകി. തുടർന്ന് ഇതേ ആവശ്യത്തിനായി 1,278/-രൂപ (ബിൽ നം-7/20.9.22) വീണ്ടും മേൽ അങ്കണവാടി വർക്കറുടെ പേരിൽ അനുവദിച്ചു. ഒരേ ആവശ്യത്തിന് തുക രണ്ട് പ്രാവിശ്യം നൽകിയതിന്, വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അങ്കണവാടി വർക്കർമാരുടെ പേരിൽ അധികം അനുവദിച്ചു നൽകിയ 1,278/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഐ.സി.ഡി.എസ്. സൂപ്പർവൈസറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്.

എൻക്വയറി നം.14/18.9.2023.

നിരാകരണം- 1,278/-രൂപ.

1-19 കോഴ്സ് കഴിഞ്ഞവർക്ക് ലാപ്പ്ടോപ്പ് നൽകി - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

പ്രോജക്റ്റ് നം – 51/23

അടങ്കൽ തുക- 2,51,988/-രൂപ (വികസന ഫണ്ട് -ജനറൽ)

ചെലവ്- 2,51,988/-രൂപ

ബിൽ നം/ തിയതി – 1/8.6.22

2022-23 ൽ സ്പിൽഓവർ പ്രോജക്ടായി (മുൻ പ്രോജക്റ്റ് നം-32/22) വി.ഇ.ഒ. (സർക്കിൾ-1) നിർവ്വഹണം നടത്തിയ പദ്ധതിയാണ് മത്സ്യതൊഴിലാളികളുടെ കുട്ടികൾക്ക് ലാപ്പ്ടോപ്പ് വിതരണം. ഗ്രാമപഞ്ചായത്തിലെ മത്സ്യതൊഴിലാളികളുടെ ഡിഗ്രി/ പ്രോഫഷണൽ കോഴ്സ് പഠിക്കുന്ന കുട്ടികളുടെ പഠനസൗകര്യം മെച്ചപ്പെടുത്തുന്നതിന് CPRCS/Gem പോർട്ടൽ വഴി മാൻ ഫ്രയിം കമ്പ്യൂട്ടേഴ്സ് പ്രൈവറ്റ് ലി. എന്ന സ്ഥാപനത്തിൽ നിന്നും 41,998/- രൂപ (18% ജി.എസ്.ടി. ഉൾപ്പടെ) നിരക്കിൽ 6 ലാപ്പ്ടോപ്പിന് ആകെ 2,51,988/- രൂപ ചെലവഴിച്ച് വാങ്ങി വിതരണം ചെയ്തു. പദ്ധതി ആനുകല്യം ലഭിച്ച 6 വിദ്യാർത്ഥികളിൽ 4 വിദ്യാർത്ഥികൾക്കും കോഴ്സ് കഴിഞ്ഞതിന് ശേഷമാണ് ലാപ്പ്ടോപ്പ് വിതരണം ചെയ്തിട്ടുള്ളത് എന്ന് ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ വ്യക്തമാക്കുന്നു. വിശദാംശം താഴെപ്പറയും പ്രകാരമാണ്.

| ക്രമനം. | വിദ്യാർത്ഥികളുടെ പേരു വിവരം | പഠിച്ച സ്ഥാപനം | റിമാർക്ക്സ് |
|---|---|---|---|
| 1. | അലീന ജെ, രാജ്ഭവൻ, വടക്കുംഭാഗം, ചവറസൗത്ത്. | വിദ്യാധിരാജ കോളജ് ഓഫ് ആർട്ട്സ് & സയൻസ്, കരുനാഗപ്പള്ളി | 2021-22 വർഷത്തിൽ കോഴ്സ് പൂർത്തികരിച്ചു. |
| 2. | വൈഷ്ണവി കെ. ആർ വൈഷ്ണവിമന്ദിരം, തെക്കുംഭാഗം | കേരള യൂണിവേഴ്സിറ്റി ഓഫ് ടീച്ചർ എഡ്യൂക്കേഷൻ. | 2021-22 വർഷത്തിൽ കോഴ്സ് പൂർത്തികരിച്ചു. |
| 3. | ജോൺ ആന്റണി, മച്ചാരുവിള വടക്കതിൽ, വടക്കുംഭാഗം, ചവറസൗത്ത്. | ഫാത്തിമ മാതാ നഷണൽ കോളജ്, കൊല്ലം. | 2021-22 വർഷത്തിൽ കോഴ്സ് പൂർത്തികരിച്ചു. |
| 4. | അലീന ആന്റണി, ആന്റണിനിവാസ്, വടക്കുംഭാഗം, ചവറസൗത്ത്. | ഫാത്തിമ മാതാ നഷണൽ കോളജ്, കൊല്ലം. | 2021-22 വർഷത്തിൽ കോഴ്സ് പൂർത്തികരിച്ചു. |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2021-22 ൽ പഠിച്ചുകൊണ്ടിരിക്കുന്ന അവസാന വർഷ വിദ്യാർത്ഥികളെ മാത്രമാണ് പദ്ധതി ആനുകല്യത്തിനായി പരിഗണിച്ചിരുന്നത് എന്നും 2022 മാർച്ചിൽ ലാപ്പ്ടോപ്പ് ലഭ്യമായതിനെ തുടർന്ന് വിതരണം ചെയ്തു എന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. 2022 മാർച്ചിൽ മേൽ വിദ്യാർത്ഥികൾ കോഴ്സ് പൂർത്തികരിച്ച് പരീക്ഷ എഴുതുന്ന സമയത്താണ് ലാപ്പ്ടോപ്പ് വിതരണം ചെയ്തത്. പഠനമികവിന് വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകുന്നതിനായി ആസൂത്രണം ചെയ്ത പദ്ധതി പ്രകാരം പഠനം കഴിഞ്ഞവർക്ക് ലാപ്പ്ടോപ്പ് നൽകിയതു വഴി പദ്ധതി ലക്ഷ്യം കൈവരിക്കാതെ പോയി. പഞ്ചായത്ത് ഭരണ സംവിധാനത്തിന്റെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഭാഗത്തു നിന്നുള്ള കെടുകാര്യസ്ഥതയുടെ ഉത്തമ നിദാനമായാണ് ഇത്തരത്തിലുള്ള പദ്ധതി നിർവ്വഹണത്തെ ഓഡിറ്റ് നിരീക്ഷിക്കുന്നത്. ഫലപ്രാപ്തി കണക്കിലെടുക്കാതെ തികച്ചും യാന്ത്രികമായുള്ള ഇത്തരം പദ്ധതി നിർവ്വഹണ രീതി ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

എൻക്വയറി നം. 19/19.9.2023.

1-20 ജെ.സി.ബി. വാടക - രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പള്ളിക്കോടി ഭാഗത്തെ സ്ഥലത്ത് ജെ.സി.ബി. ഉപയോഗിച്ച് കുറ്റിച്ചെടികൾ നീക്കം ചെയ്ത് സ്ഥലം നിരപ്പാക്കിയതിന് ജെ.സി.ബി. വാടകയിനത്തിൽ 13,000/-രൂപ (ചെക്ക് നം. – 821565/7.12.2022) ചെലവഴിച്ചു. പ്രവൃത്തി നടന്നതിന് ആധാരമായിട്ടുള്ള ക്ഷമതയുള്ള ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ ട്രിപ്പ്/ലോഗ് ഷീറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ടി സ്ഥലം നിരപ്പാക്കിയതിന് ശേഷമുള്ള തുടർനടപടികൾ, ആസ്തി രജിസ്റ്റർ എന്നിവ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിട്ടിയില്ലാത്തതിനാൽ 13,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

എൻക്വയറി നം.12/ 18.9.2023.

തടസ്സം- 13,000/-രൂപ.

1-21 മുറിച്ച മരം ലേലം ചെയ്ത് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയില്ല.

ഗവ. എൽ.വി.എൽ.പി.എസ്. കോംപൗണ്ടിൽ നിന്നിരുന്ന തെങ്ങ്-1, ഗവ. യു.പി. എസിൽ നിന്നിരുന്ന തെങ്ങ്-2, ആഞ്ഞിലി-2, തേക്ക്-2, അക്കേഷ്യ-1 എന്നിവ മുറിക്കുന്നതിന് കൂലിയിനത്തിൽ 18,000/-(ചെക്ക് നം-21664/11.11.22) രൂപ ചെലവഴിച്ചു. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ വാല്യുവേഷൻ ലഭ്യമാക്കി മരങ്ങൾ ലേലം ചെയ്ത് തുക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നാളിതുവരെ മുതൽ കൂട്ടിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഫോറസ്റ്റ് വകുപ്പിന്റെ വാല്യുവേഷൻ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഫോറസ്റ്റ് വകുപ്പിന്റെ വാല്യുവേഷൻ അടിയന്തിരമായി ലഭ്യമാക്കി മരങ്ങൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടുന്നതിനുള്ള നടപടി ഊർജ്ജിതമാക്കേണ്ടതും, തുടർനടപടി വിവരം ലഭ്യമാക്കേണ്ടതുമാണ്.

എൻക്വയറി നം. 13/ 18.9.2023.

1-22 കന്നുകുട്ടി പരിപാലനം-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം-60/23

അടങ്കൽ തുക- 3,00,000/-രൂപ (വികസന ഫണ്ട് -ജനറൽ,)

ചെലവ്- 3,00,000/-രൂപ

ബിൽ നം/ തീയതി-29/18.3.23

നിർവ്വഹണം-വെറ്ററിനറി സർജ്ജൻ

മേൽ പദ്ധതിപ്രകാരം 4-6 മാസം പ്രായമുള്ള കന്നുകുട്ടികൾക്ക് 50% സബ്സിഡി നിരക്കിൽ 24 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നത് വിഭാവനം ചെയ്യുന്നു. തദ്ദേശഭരണ സ്ഥാപന വിഹിതം-6,250/-രൂപ, സംസ്ഥാന വിഹിതം-6,250/-രൂപ ഉൾപ്പെടെ 12,500/-രൂപ നിരക്കിൽ ആകെ 3,00,000/-രൂപ കാലിത്തീറ്റ സബ്സിഡി നൽകുന്നതിന് അസി. ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി സ്കീം, കൊല്ലത്തിന് നൽകി. പരിശോധനയ്ക്ക് ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രപ്രകാരം സബ്സിഡിയിനത്തിൽ 87,567/-രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ബാക്കി 2,12,433/-രൂപയുടെ ചെലവ് വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ചെലവ് വിശദാംശം സമർപ്പിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ചെലവ് വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ 2,12,433/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക ചെലവഴിച്ചതിന്റെ വിശദമായ വിനിയോഗസാക്ഷ്യപത്രം സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

എൻക്വയറി നം. 15/18.9.2023.

തടസ്സം-2,12,433/-രൂപ

1-23 മഴക്കാല രോഗപ്രതിരോധം - രേഖകൾ ലഭ്യമാക്കിയില്ല

2022-23 ലെ തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ മഴക്കാല പൂർവ്വ പ്രതിരോധ പ്രവർത്തനങ്ങൾക്കായി വാർഡ് ഒന്നിന് 20,000/-രൂപ വീതം 13 വാർഡുകൾക്ക് ആകെ 2,60,000/-രൂപ മെഡിക്കൽ ഓഫീസർ, സി.എച്ച്.സിക്ക് നൽകി. ആയതിന്റെ വിശദാംശം താഴെപ്പറയും പ്രകാരമാണ്.

| ഫണ്ട് | നൽകിയ തുക(രൂപ) | ചെക്ക് നം. /തിയതി |
|---|---|---|
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 1,30,000/- | 23082/16.5.22 |
| തനതു ഫണ്ട് | 1,30,000/- | 23083/16.5.22 |

മേൽ തുക ചെവഴിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തിതിനാൽ, 2,60,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കാത്തപക്ഷം മെഡിക്കൽ ഓഫീസറുടെ ബാദ്ധ്യതയായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്.

ഓഡിറ്റ് റിക്വിസിഷൻ നം. 1 /18.9.2023.
തടസ്സപ്പെടുത്തിയ തുക – 2,60,000/-രൂപ.

1-24 ഹരിതകർമ്മ സേന – അവലോകനം

ഗ്രാമപഞ്ചായത്തിൽ 13 വാർഡുകളാണുള്ളത്. എല്ലാ വാർഡുകളിലും രണ്ട് അംഗങ്ങൾ വീതം 26 ഹരിതകർമ്മസേനാംഗങ്ങളാണ് പ്രവർത്തിക്കുന്നത്. വീടുകളിൽ നിന്നും മാസം തോറും 50/- രൂപ നിരക്കിലും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും 100/- രൂപ നിരക്കിലുമാണ് യൂസർ ഫീ ഈടാക്കുന്നത്. വാർഡുകളിലെ എല്ലാ ഭവനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കൃത്യമായ ഇടവേളകളിൽ മാലിന്യങ്ങൾ ശേഖരിക്കുവാൻ കഴിയുന്നില്ല. ശേഖരിക്കുന്നവ തരംതിരിച്ച് ക്രമീകരിക്കുകയും 'ക്ലീൻ കേരള'ക്ക് നൽകുകയും ചെയ്യുന്നു. 8/23 മാസം വരെ 81% കളക്ഷനാണ് നടന്നിട്ടുള്ളത്.

യൂസർ ഫി വർധിപ്പിക്കുവാൻ ആവശ്യമായ ക്യാമ്പയിൻ പ്രവർത്തനങ്ങൾ പൊതുജനപങ്കാളിത്തത്തോടെ ശക്തിപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൈക്ക് അനൗൺസ്മെന്റ്, വീട്ടു വീടാന്തരം നോട്ടീസ് വിതരണം എന്നിവ നടപ്പിലാക്കി. എല്ലാ ഹരിതകർമ്മ സേന അംഗങ്ങൾക്കും വ്യക്തി വിവരങ്ങൾ അടങ്ങിയ ഹരിതകർമ്മസേനാ ഐ ഡി കാർഡ് പ്രിന്റ് ചെയ്ത് നൽകിയിട്ടുണ്ട്.

1496/2020 സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ആനുകൂല്യങ്ങൾക്കും സേവനങ്ങൾക്കും യൂസർ ഫീ രസീത്/ഗ്രീൻ കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്. 06.01.23 ലെ 41/2023/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 100% യൂസർഫീ ശേഖരിക്കുന്നതിന് അനുയോജ്യമായ നടപടികൾ ഭരണസമിതി തീരുമാന പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വീകരിക്കാവുന്നതാണ്.

തുടർപ്രവർത്തന നിർദ്ദേശങ്ങൾ

1. നിലവിൽ ഹരിതകർമ്മസേനയ്ക്ക് യൂസർ ഫീ നൽകി അജൈവ മാലിന്യങ്ങൾ കൈമാറാതെ നിസ്സഹരിക്കുന്ന വീടുകൾക്കും സ്ഥാപനങ്ങൾക്കുമെതിരെ നോട്ടീസ് നൽകി നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വാർഡുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യം സൂക്ഷിക്കുവാൻ താൽക്കാലിക സംവിധാനങ്ങൾ ഇനിയും ഇല്ലാത്തിടങ്ങളിൽ സമയബന്ധിതമായി മിനി MCF സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. പ്രധാന കേന്ദ്രങ്ങളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം

3. "മാലിന്യ മുക്ത പഞ്ചായത്ത് " എന്ന ലക്ഷ്യത്തിനായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉചിതമായ ഉറവിട മാലിന്യ പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുവാനായി സർവേ നടത്തി, എല്ലാ ഇടങ്ങളിലും സബ്സിഡി നിരക്കിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

4. ഉറവിട മാലിന്യ പരിപാലന ഉപാധികളിൽ ഉത്പാദിപ്പിക്കുന്ന ജൈവവളം ഉപയോഗിച്ച് ജൈവ പച്ചക്കറി കൃഷി എല്ലാ വീടുകളിലും ഹരിതകർമ്മസേനയുടെ സഹായത്തോടെ ആരംഭിക്കുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

5. സമയബന്ധിതമായും ക്രമമായ ഇടവേളകളിലും മാലിന്യങ്ങൾ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്ന ക്ലീൻകേരള കമ്പനി ഏറ്റെടുക്കുകയും കരാർവ്യവസ്ഥപ്രകാരം തുക നല്കുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

6. വ്യാപാരി വ്യവസായികളുടെ വിറ്റുവരവിനു അനുസൃതമായി യൂസർഫീ ഹരിതമിത്രം ആപ്പിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.

7)ബെയിലിംഗ് യൂണിറ്റ് വാങ്ങിയത് സ്ഥാപിച്ച്, വൈദ്യുത കണക്ഷൻ നൽകി എത്രയും വേഗം പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

8) ജൈവമാലിന്യങ്ങൾ ഉപയുക്തമാക്കിക്കൊണ്ട് വളമാക്കി വിതരണം ചെയ്യാവുന്നവിധം സംവിധാനങ്ങൾ നടപ്പാക്കാവുന്നതാണ്.

1-25 മാർഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നിർവഹണം

പ്രോജക്റ്റ് നം.100/23.
മത്സ്യ തൊഴിലാളികളുടെ കുട്ടികൾക്ക് ഫർണിച്ചർ.
അടങ്കൽ – 1,00,000/-രൂപ (വികസനഫണ്ട്).
ചെലവ് - 97,999/-രൂപ (ബിൽ നം. 4/30-1-23).
നിർവഹണം - ഹെഡ്മാസ്റ്റർ.
മത്സ്യതൊഴിലാളികളുടെ, വിദ്യാർത്ഥികളായ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി 20 സ്റ്റീൽ മേശയും സ്റ്റിൽ കുഷൻഡ് കസേരയും ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും വാങ്ങി സ്കൂൾ വഴി വിതരണം ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ)115/2022/തസ്വഭവ തീ. 28-05-2022 ഖ.7-3-2 പ്രകാരം തടികൊണ്ടുള്ള ഫർണ്ണിച്ചറുകളാണ ഈ വിഭാഗം കുട്ടികൾ നൽകേണ്ടത്. പദ്ധതി മാർഗ്ഗരേഖക്കു വിരുദ്ധമായി പദ്ധതി നിർവഹണം നടത്തിയത് ഉചിതമായില്ല. പദ്ധതി മാർഗ്ഗനിർദേശങ്ങൾ പൂർണ്ണമായി പാലിച്ചു മാത്രം പദ്ധതി നിർവഹണം നടത്താൻ ബന്ധപ്പെട്ടവർ മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

1-26 എൽ.എം.ആർ. നിരക്ക് അപ്ഡേഷൻ വൈകി. 42,926/- രൂപയുടെ അധിക ചെലവ്

പ്രോജക്ട് നം. 111/23.
അടപ്പുഴകത്ത് ഉണ്ടു വിള മുക്കു റോഡ് നവീകരണം
അടങ്കൽ – 8,66,725/- രൂപ (മെയിന്റനൻസ് ഫണ്ട് - 8,23,799/-രൂപ, വികസനഫണ്ട്-42,926/-രൂപ)
ചെലവ് – 8,66,725/- രൂപ
(ബിൽ. നം. 20/31-3-23 തുക 8,23,799/-രൂപ
ബിൽ. നം. 21/ 21.3.23 തുക 42,926/-രൂപ)
നിർവഹണം. - അസി. എൻജിനീയർ
മേൽ പ്രവൃത്തിക്ക് റീ ടെൻഡറിൽ 3 ടെൻഡറുകൾ ലഭിക്കുകയും ശ്രീ. അനിൽകുമാർ ഏറ്റവും കുറവു തുക (6,98,134/- രൂപ) ക്വോട്ട് ചെയ്യുകയും ചെയ്തു. എന്നാൽ ഇത് എൽ.എം.ആർ. എസ്റ്റിമേറ്റ് നിരക്കിനെക്കാൾ (6,79,413/-രൂപ) ഉയർന്ന നിരക്ക് ആയതിനാൽ ടെൻഡർ അനുവദിച്ചു നൽകാൻ സാധിച്ചില്ല.

ക്വട്ടേഷൻ നടപടികളിലൂടെ നെഗോസിയേഷൻ നടത്തി 7,34,513/- രൂപക്ക് നേരത്തേ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. അനിൽ കുമാറിനു തന്നെ കരാർ നൽകി. ബിൽ തുകയായി ജി.എസ്.ടി. വിഹിതം ഉൾപ്പെടെ 8,66,725/-രൂപ നൽകിയിരിക്കുന്നു. ഈ പ്രവൃത്തി റീ ടെൻഡറിലെ കുറഞ്ഞ നിരക്കിനു നൽകിയിരുന്നെങ്കിൽ 8,23,799/- രൂപയേ നികുതി ഉൾപ്പെടെ ചെലവാകുമായിരുന്നുള്ളൂ. അധികമായി 42,926 രൂപ എൽ.എം.ആർ. നിരക്കിലെ അപ്ഡേഷൻ വൈകിയതിനാൽ ഉണ്ടായി. ക്വട്ടേഷൻ അംഗീകരിച്ചപ്പോൾ എൽ.എം.ആർ. നീതികരണ റിപ്പോർട്ട് പ്രകാരം നിരക്ക് 7,75,723.97 രൂപയായി അപ്ഡേറ്റ് ചെയ്തിരുന്നു. ഇതു ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 1/14-9-2023.

1-27 യഥാസമയം അപേക്ഷ നൽകാത്തവർക്ക് ആനുകൂല്യം നൽകി

പ്രോജക്ട് നം 91/2 വൃദ്ധർക്ക് കട്ടിൽ.
അടങ്കൽ - 1,74,391/-രൂപ (വികസന ഫണ്ട്-74,391/-രൂപ, ബ്ലോക്ക് വിഹിതം-1,00,000/-രൂപ)
ചെലവ് – 1,74,391/-രൂപ
പ്രോജക്ട് നം 92/23 വിദ്യാർത്ഥികൾക്കു ഫർണിച്ചർ
അടങ്കൽ - 97,999/-രൂപ (എസ്.സി.പി.)
ചെലവ് – 97,999/-രൂപ
അസി. സെക്രട്ടറി നിർവഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾക്കായി പദ്ധതി കാലയളവു കഴിഞ്ഞുള്ള 5/23, 6/23, 7/ 23, 9/23 മാസങ്ങളിൽ ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ സ്വീകരിച്ച് ആനുകൂല്യം നല്കിയിരിക്കുന്നു. 3/23-ൽ അവസാനിച്ച പദ്ധതിയുടെ ആനുകൂല്യത്തിനായി പദ്ധതി കാലയളവു കഴിഞ്ഞു അപേക്ഷ വാങ്ങി ആനുകൂല്യം നൽകിയത് ക്രമവിരുദ്ധമാണ്. മതിയായ അപേക്ഷകരില്ലാതെ പദ്ധതി പ്രകാരം ഫർണീച്ചർ വാങ്ങിയ നടപടി ഒഴിവാക്കപ്പെടേണ്ടതായിരുന്നു.

വൃദ്ധർക്ക് കട്ടിൽ എന്ന പദ്ധതിയിൽ ഗുണഭോക്താക്കൾ ഉണ്ടായിരിക്കേ പഞ്ചായത്ത് കമ്മിറ്റി ഗ്രാമസഭാ അംഗീകാരത്തിനു വിധേയമായി 17 ഗുണഭോക്താക്കളുടെ പേരുകൾ നൽകുകയും ഇവർക്കു ആനുകൂല്യം നൽകുകയും ചെയ്തിരിക്കുന്നു. ഈ ഗുണഭോക്താക്കളുടെ പട്ടിക ഗ്രാമസഭ അംഗീകരിച്ചതിന്റെ വിശദാംശം ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഗുണഭോക്തൃ പട്ടികയിൽ നിന്ന് മരണമടഞ്ഞവരേയും കട്ടിൽ വാങ്ങാൻ വിമുഖത കാട്ടിയവരേയും ഒഴിവാക്കിയപ്പോൾ 23 പേരേ ആനുകൂല്യം കൈപ്പറ്റാൻ തയ്യാറായുള്ളൂവെന്നും, ആയതിനാലാണ് 17 പേരെ പഞ്ചായത്ത് കമ്മിറ്റി നിർദ്ദേശിച്ചതെന്നും മറുപടി ലഭ്യമാക്കി. ഗുണഭോക്തൃ പട്ടികയിൽ ഇല്ലാത്തവർക്ക് ആനുകൂല്യം നൽകിയതിന് ഗ്രാമസഭയുടെ സാധൂകരണം വാങ്ങേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 20/18-9-2023.

1-28 ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നിർവഹിക്കാതെ വൈദ്യുതോപകരണങ്ങൾ വാങ്ങി ഫിറ്റു ചെയ്തു

അസി. എൻജിനീയർ നിർവഹണോദ്യോഗസ്ഥനായ പ്രോജക്റ്റ് നം. 137/ 23 പ്രകാരം എം.സി.എഫിനു അനുബന്ധ സൗകര്യം ഒരുക്കൽ, ഇലക്ട്രിഫിക്കേഷൻ – (അടങ്കൽ – 5,25,200/-രൂപ) എന്ന പ്രോജക്ടു പ്രകാരം ജല ലഭ്യതക്കു കുടിവെള്ള പമ്പ്സെറ്റു വരെ സ്ഥാപിച്ചിട്ടും വൈദ്യുതികരണം നടത്തിയില്ല. വാറണ്ടിയുള്ള ഇലക്ട്രിക് ഉപകരണങ്ങൾ സ്ഥാപിച്ചിട്ടും അത് പ്രവർത്തനക്ഷമമാണോ എന്നു ഉറപ്പാക്കാനുള്ള വൈദ്യുതീകരണ പ്രവൃത്തി നിർവഹിക്കാത്തത് പദ്ധതി നടത്തിപ്പിലെ ഗുരുതര വീഴ്ചയാണ്. ഇലക്ട്രിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 1/13-9-2023.

1-29 മരുന്നുകൾ ലഭ്യമായില്ല - 1,27,579/- രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു

1. മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ വിവിധ പദ്ധതികൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കാൻ

തുക മുൻകൂർ നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി വിവരം | തുക സ്വീകരിച്ച സ്ഥാപനം | ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നിന്റെ വില (₹) |
|---|---|---|
| 52/23 – അതിദരിദ്രർക്ക് മരുന്ന് വാങ്ങൽ<br>അടങ്കൽ-₹1,00,000/- (വികസന ഫണ്ട്)<br>ചെലവ്-₹1,00,000/- (ബിൽ നം.30/4-3-23) | കെ.എം.എസ്.സി.എൽ. | 45,743/- |
| 25/23 – പാലിയേറ്റിവ് കെയർ<br>അടങ്കൽ-₹4,71,360/-<br>ചെലവ്-₹1,05,030/-(ബിൽ നം.33/4-3-23) | കെ.എം.എസ്.സി.എൽ. | 47,116/- |
| ആകെ | | 92,859/- |

2. ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായ പ്രോജക്റ്റ് നം. 6/23 (അടങ്കൽ-₹2,50,000/-മെയിന്റനൻസ് ഗ്രാന്റ്) പ്രകാരം മരുന്നുകൾ ലഭ്യമാക്കാൻ സാംഖ്യാ ബിൽ നം. 539420/15-9-22 പ്രകാരം 2,50,000/- രൂപ ഹോംകോയ്ക്ക് നൽകി. 2,15,280/- രൂപയുടെ മരുന്നുകളെ ലഭ്യമായിട്ടുള്ളൂ. 34,720/- രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 1,27,579/-രൂപയുടെ ചെലവുകൾ തടസ്സപ്പെടുത്തുന്നു.

## 1-30 തൊഴിലുറപ്പ് പദ്ധതി അവലോകനം

2022-23 ൽ ലേബർ ബജറ്റ് പ്രകാരം 106960 തൊഴിൽ നൽകുന്നതിനായി 5,18,75,600/- രൂപയുടെ പദ്ധതികൾ തയ്യാറാക്കിയിരുന്നു. മുൻവർഷങ്ങളിലെ കുടിശിക വേതനം ഉൾപ്പെടെ 3,16,94,832/-രൂപ വേതനമിനത്തിലും, മെറ്റീരിയൽ വിലയായും നൽകിയിട്ടുണ്ട്. അൺസ്കിൽഡ് വേതനമായി 3,06,78,521/-രൂപയും സ്കിൽഡ്/സെമിസ്കിൽഡ് വേതനമായി 2,10,305/-രൂപയും മെറ്റീരിയൽസ് വിലയായി 8,06,006/-രൂപയും ചെലവഴിച്ചിട്ടുണ്ട്. 99748 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. 481 തൊഴിലാളികൾ 100 ദിനങ്ങൾ പൂർത്തീകരിച്ചട്ടുണ്ട്.

വാട്ടർ കൺസർവേഷൻ, ഭൂവികസനം എന്നീ പ്രവൃത്തികളാണ് പ്രധാനമായും നടപ്പിലാക്കിയത്. തൊഴുത്ത് നിർമ്മാണം, കിണർ നിർമ്മാണം, എന്നീ വ്യക്തിഗത ആനുകൂല്യ നിർമ്മാണ പ്രവൃത്തികളും നടപ്പിലാക്കി. അസ്തി നിർമ്മാണ പ്രവൃത്തികൾ കൂടുതൽ എറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്. കാർഷികാവശ്യങ്ങൾക്കായി ഭൂവികസന പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ഗുണഭോക്താക്കൾ കൃഷി ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്.

## 1-31 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. 5,85,529/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2022-23 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ 5,85,529/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| പദ്ധതി | നിർവ്വഹണ ഏജൻസി | നൽകിയ തുക | ബിൽ നം./തീയതി |
|---|---|---|---|
| 4/ 23, ഐ.കെ.എം. ന് വിഹിതം നൽകൽ | ഐ.കെ.എം. | 56540/-രൂപ<br>(50,138/-, 6,402/-) | 13/1-9-23<br>46/18-3-23 |
| 9/23,വിവിധ | കെ.എസ്.ഇ.ബി. | 3,99,172/-രൂപ | XVFC/2022-23 |

| | | | |
|---|---|---|---|
| വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | തേവലക്കര | | /P/34, 6-3-23 |
| 164/23,പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിന് തുക അടവാക്കൽ | കേരള വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ കൊല്ലം | 91,000/-രൂപ | 49/18-3-23 |
| 107/23,ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിയ്ക്കൽ | കെ.എസ്.ഇ.ബി. തേവലക്കര | 38,817/-രൂപ (55,000/-രൂപ നൽകിയതിൽ 16,183/-രൂപയ്ക്ക് UC ലഭിച്ചു.) | XVFC/2022-23 /P/54, 31-3-23 |

തടസ്സപ്പെടുത്തുന്ന തുക – 5,85,529/-രൂപ .
ഓഡിറ്റ് എൻക്വയറി നം. 24/19.9.2023.

## 1-32 ടാപ്പുകൾ വിച്ഛേദിയ്ക്കാത്തതിനാൽ വെള്ളക്കരം ഇനത്തിൽ വലിയ തുക ഗ്രാമപഞ്ചായത്തിന് ബാദ്ധ്യതയാവുന്നു.

പദ്ധതി -13/23, പൊതു വാട്ടർ ചാർജ് അടവാക്കൽ

അടങ്കൽ-28,43,377/- രൂപ (CFC-₹15,27,610/-, റോഡിതരം-₹13,15,767/-)

ചെലവ്-28,43,377/- രൂപ (CFC-₹15,27,610/-, റോഡിതരം-₹13,15,767/-)

2022-23 ൽ പരാമർശ പദ്ധതി പ്രകാരം വെള്ളക്കരം ഇനത്തിൽ 28,43,377/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ 2023 ഏപ്രിലിലെ കേരള വാട്ടർ അതോറിറ്റിയുടെ ഡിമാൻഡ് നോട്ടീസ് പ്രകാരം വെള്ളക്കരമിനത്തിൽ 5,42,05,624/- രൂപ കുടിശ്ശികയുണ്ട്. 59 ടാപ്പുകൾക്കുള്ള കേരള വാട്ടർ അതോറിറ്റിയുടെ പ്രതിമാസ ഡിമാന്റ് 71,582/- രൂപയാണ്. ആയതിനോടൊപ്പം കുടിശ്ശികയും ആയതിന്റെ പിഴയും കൂടിയാണ് വൻ തുക അടവാക്കാൻ ഉള്ളത്. ജൽ ജീവൻ പദ്ധതി പ്രകാരം എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ ലഭ്യമായതിനാൽ 59 പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിന് "164 /2023, പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിന് തുക അടവാക്കൽ" എന്ന പദ്ധതി പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ 91,000/- രൂപ (ബിൽ നമ്പർ 49/18-3-23) നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ടാപ്പുകളുടെ കണക്ഷൻ വിച്ഛേദിച്ചിട്ടില്ല. 2023 സെപ്റ്റംബറിലെ കേരള വാട്ടർ അതോറിറ്റിയുടെ ഡിമാൻഡ് നോട്ടീസ് പ്രകാരം കുടിശ്ശിക 6,01,06,990/- രൂപയായി ഉയർന്നതായും കാണുന്നു. വെള്ളക്കരം കുടിശ്ശികയുടെ പിഴയായി പ്രതിമാസം ചുമത്തുന്നത് 10,00,000/-രൂപയിൽ കൂടുതലാണ്. പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയിൽ 2023 മാർച്ച് മാസം തുക നിക്ഷേപിച്ചെങ്കിലും ടാപ്പുകൾ വിച്ഛേദിക്കാത്തതിനാൽ 2023 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള വെള്ളക്കരം കുടിശ്ശികയുടെ പിഴയും കൂടി 59,01,366/-രൂപ ഗ്രാമ പഞ്ചായത്തിന് അധിക ബാദ്ധ്യതയുണ്ടായി. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ടാപ്പുകൾ വിച്ഛേദിക്കുന്ന പ്രവൃത്തി നടപ്പാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. കേരള വാട്ടർ അതോറിറ്റി മുഖാന്തരം ടാപ്പുകൾ വിച്ഛേദിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊണ്ട് പഞ്ചായത്തിന്റെ അധിക ബാധ്യത ഒഴിവാക്കേണ്ടതും വെള്ളക്കരമിനത്തിലുള്ള കുടിശ്ശിക കണക്ക് തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ-24/19-9-2023.

## 1-33 തനത് വരുമാനം-അവലോകനം

I) വസ്തുനികുതി

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023 -ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

2022-23 വർഷം വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതി 2023-24 മുതൽ തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റവെയറിൽ ചേർക്കൽ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തുക, സോഫ്റ്റ്‌വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലമുള്ള നികുതി നഷ്ടം ഒഴിവാക്കാൻ കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർത്ത്, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതായുണ്ട്. ഇത്തരത്തിലുള്ള നടപടികളൊന്നും ആരംഭിച്ചിട്ടില്ല.

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്. ഇതിനായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 31.05.2023-ലെ 2(1)-ാം നമ്പർ തീരുമാനമായി ഭരണസമിതി യോഗം നിശ്ചയിച്ച് കരട് വിജ്ഞാപനം ചെയ്തിരുന്നു. നിലവിൽ അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

II) സേവന ഉപനികുതി

സേവന ഉപനികുതി നിലവിൽ പിരിക്കുന്നില്ല. 2023-24 മുതൽ സേവന ഉപനികുതി ഈടാക്കാൻ വേണ്ടി നിരക്ക് അന്തിമമാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

III) തൊഴിൽ നികുതി

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. (ഖണ്ഡിക 1-11 ൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്).

IV) വാടക

2022-23 ൽ നടയ്ക്കാവ് മാർക്കറ്റിൽ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ വാടകയ്ക്ക് എടുത്തവർ വാടക ഒടുക്കാതെ കരാർ കാലാവധി തീരും മുൻപ് കടമുറി ഒഴിഞ്ഞു പോകുകയും അവർക്ക് ഡെപ്പോസിറ്റ് തുകയിൽ നിന്നും വാടക കുടിശ്ശിക ഈടാക്കി അവശേഷിക്കുന്ന ഡെപ്പോസിറ്റ് തുക തിരികെ നല്കിയിരിക്കുകയും ചെയ്തിരിക്കുന്നു. ഷോപ്പിങ് കോംപ്ലക്സ് ബൈല ലംഘിച്ച് ഡെപ്പോസിറ്റ് തുക തിരികെ നല്കിയത് സംബന്ധിച്ച് ഖണ്ഡിക 1-12ൽ പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്.

V) ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആംബുലൻസ് വർഷങ്ങൾ കഴിഞ്ഞിട്ടും നിഷ്ക്രിയ ആസ്തിയായി തുടരുന്നു.(ഖണ്ഡിക 1-17ൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്).

VI) ചെറുതുരുത്തുകളും കായൽ തീരങ്ങളും കൊണ്ട് ആകർഷണീയമായ തെക്കംഭാഗത്തിന് വിനോദസഞ്ചാരത്തിന് അനന്തസാധ്യതകളുണ്ട്. തനതുവരുമാനം നന്നേ കുറവായതിനാൽ വിനോദസഞ്ചാരത്തിന്റെ നവീന മേഖലകൾ കണ്ടെത്തി തനതു വരുമാനം വർദ്ധിപ്പിക്കുവാൻ നടപടികൾ കൈക്കൊള്ളാവുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അങ്കണവാടികളിലെ വെള്ളക്കരം ആവർത്തിച്ച് നൽകി - 1,278/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല

പ്രോജക്ടിന്റെ പേര് - അങ്കണവാടികളിലെ കണ്ടിജന്റ് ചെലവുകൾ.

പ്രോജക്ട് നം – 70/23

അടങ്കൽ തുക - 67,909/-രൂപ (വികസന ഫണ്ട് -ജനറൽ)

ചെലവ് - 67,897/-രൂപ

2022-23 ൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയനുസരിച്ച് ഗ്രാമപഞ്ചായത്തിലെ 16 അങ്കണവാടികളിലെ വാട്ടർ ചാർജ്ജ്, കറണ്ട് ചാർജ്ജ്, വാടക ഒടുക്കുന്നതിന് അതാത് അങ്കണവാടി വർക്കർമാരുടെ പേരിലാണ് തുക അനുവദിച്ച് നൽകുന്നത്. V-ാംവാർഡിലെ മണിയങ്കര കോളനിയിലെ 14-ാം നമ്പർ അങ്കണവാടിയിലെ (കൺസ്യൂമർ ഐ.ടി. TKP2870/N) 7/22 ലെ വാട്ടർ ചാർജ്ജ് കേരള വാട്ടർ അതോറിറ്റിയുടെ 9.7.2022 തിയതിയിലെ 96918478-നമ്പർ ബിൽ പ്രകാരമുള്ള തുക 1,278/-രൂപ (കുടിശ്ശിക ഉൾപ്പടെ) (ബിൽ നം- 5/29.8.22) ഒടുക്കുന്നതിന് അങ്കണവാടി വർക്കർ ശ്രീമതി. ഗിരിജയുടെ പേരിൽ അനുവദിച്ച നൽകി. തുടർന്ന് ഇതേ ആവശ്യത്തിനായി 1,278/-രൂപ (ബിൽ നം-7/20.9.22) വീണ്ടും മേൽ അങ്കണവാടി വർക്കറുടെ പേരിൽ അനുവദിച്ചു. ഒരേ ആവശ്യത്തിന് തുക രണ്ട് പ്രാവിശ്യം നൽകിയതിന്, വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അങ്കണവാടി വർക്കർമാരുടെ പേരിൽ അധികം അനുവദിച്ച നൽകിയ 1,278/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഐ.സി.ഡി.എസ്. സൂപ്പർവൈസറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്.

എൻക്വയറി നം.14/18.9.2023.
നിരാകരണം- 1,278/-രൂപ.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 15.9.23,16.9.23 | കെ.എസ്.എ.കെ.എൽ.എം.പി2/1670/23 തീയതി 25/10/2023 |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

(മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്റ്റിന്റെ പേര് | ചെലവ് (₹) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 130221/- | 15/23-ലൈഫ് (ജനറൽ) | 130221/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 823978/- | 50/23-ലൈഫ് (ജനറൽ) | 823978 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 299960/- | 76/23-വൃദ്ധജനങ്ങൾക്ക് കട്ടിൽ | 299960/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 300000/- | 15/23 അനുപൂരക പോഷകാഹാരം | 300000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1000000/- | 49/23-ലൈഫ് (ജനറൽ) | 1000000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 40000/- | 48/23ലൈഫ് (ജനറൽ) | 40000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 347154/- | 35/23-ലൈഫ് (ജനറൽ) | 347154/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 324794/- | 123/23-പാലിന് സബ്സിഡി | 324794/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 96591/- | 91/23-വൃദ്ധർക്ക് കട്ടിൽ വിതരണം (എസ്.സി) | 96591/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 300000/- | 31/23- ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 300000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 3500000/- | 119/23-ജീവനാണ് അഷ്ടമുടി, ജീവിക്കണം അഷ്ടമുടി | 3500000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 58000/- | 31/23- ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 58000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 130221/- | 15/23-അനുപൂരക പോഷകാഹാരം | 130221/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 82000/- | 48/23-ലൈഫ് (ജനറൽ) | 82000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 200000/- | 36/23-ലൈഫ്- മത്സ്യതൊഴിലാളികൾക്ക് വീട് | 200000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1000000/- | 49/23-ലൈഫ് (ജനറൽ) | 1000000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 480000/- | 35/23-ലൈഫ് (ജനറൽ) | 480000/- | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | 9/23-സ്ട്രീറ്റ് ലൈൻ നീട്ടൽ | XVFC/22-23/P/34, Dt.6.3.23 | 4,00,000/- | 3,99,172/- | 828/- |
| കേരള വാട്ടർ അതോറിറ്റി | 164/23 പൊതുടാപ്പുകൾ വിച്ഛേദിക്കുന്നത് | UTR No. RB10782361194159 Dt.18.3.23 | 91,000/- | 0 | 91,000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്-ഹഡ്കോ ലോൺ | G.O(P)No.53/21/ LSGD Dt.18.2.21 | 86,70,635/- | 1,97,60,000/- | 28,51,664/- | 0 | 2,55,78,971/- |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹500/- |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | ₹500/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹500/- |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഭാഗം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 2-1 | 2010-11 | 2-5 | വരുമാനവർദ്ധനവിനുള്ള നടപടികളുടെ അഭാവം | നിയമസഭാ സമിതിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | | പരിഗണനയിലാണ് |
| 2019-20 | അദ്ധ്യായം 1.2 (2) | 2020-21 | 1-11 | ജനറേറ്റർ സ്ഥാപിക്കൽ-ഫൈനൽ ബില്ലും, ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റും ഹാജരാക്കത്തത് | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2019-20 | അദ്ധ്യായം 1.2 (2) | 2020-21 | 1.16 | ഇൻവർട്ടർ സ്ഥാപിക്കൽ-ഫൈനൽ ബില്ലും, വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കാത്തത് | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,45,34,544/-രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,51,25,210/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,278/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12,08,541/-രൂപ |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 1,278/- | ശ്രീമതി. നിഷ എം, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 10,000/- | ശ്രീ. പ്രേംശങ്കർ എസ്, സെക്രട്ടറി |
| 1-20 | 13,000/- | ശ്രീ. പ്രേംശങ്കർ എസ്, സെക്രട്ടറി |
| 1-22 | 2,12,433/- | ഡോ. ബിജി എ. ജെ., വെറ്ററിനറി സർജ്ജൻ |
| 1-23 | 2,60,000/- | ഡോ. ബുഷ്റ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 1-29 | 92,859/- | ഡോ. ബുഷ്റ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 1-29 | 34,720/- | ഡോ. സ്മിത ആർ. എസ്, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-31 | 5,85,529/- | ശ്രീ. പ്രേംശങ്കർ എസ്, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേ ഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. നിഷ എം, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് | ചെട്ടിയാരഴികം, ആയിരം തെങ്ങ്, കുട്ടിക്കട.പി.ഒ, കൊല്ലം. |
| ശ്രീ. പ്രേംശങ്കർ എസ്, സെക്രട്ടറി | സെക്രട്ടറി, തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് | കർണികാരം, കോട്ടൈക്കകം, പെരിനാട്.പി.ഒ, തൃക്കടവൂർ |
| ഡോ. ബിജി എ. ജെ, വെറ്ററിനറി സർജ്ജൻ | വെറ്ററിനറി സർജ്ജൻ, തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് | വിശാഖം, കടപ്പ, മൈനാഗപ്പള്ളി പി.ഒ. |
| ഡോ. ബുഷ്റ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, ശൂരനാട്. | കിഴക്കേ പുളിമൂട്ടിൽ, വടക്കുംതല.പി.ഒ, കരുനാഗപ്പള്ളി. |
| ഡോ. സ്മിത ആർ.എസ്. മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ, തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് | പ്രണവം, കന്നിമേൽചേരി, മതിലിൽ.പി.ഒ, കൊല്ലം. |

4-11 തീർപ്പാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2008-2009 | കെ.എസ്.എ.-കെ.എൽ.എം.പി2/754/19/07.06.19 | 2 |
| 2009-2010 | കെ.എസ്.എ.-കെ.എൽ.എം.പി2/754/19/07.06.19 | 2 |
| 2012-2013 | കെ.എസ്.എ.കെ.എൽ.എം.പി.2./അദാലത്ത്/2012-13/ 1490/22 (1) തീ. 20.08.2022 | 7 |
| 2013-2014 & 2014-2015 | കെ.എസ്.എ.കെ.എൽ.എം.പി.2./അദാലത്ത്/2013-14 & 2014-15/ 1490/22 (2) തീ. 20.08.2022 | 4 |
| 2015-2016 | കെ.എസ്.എ.കെ.എൽ.എം.പി.2./അദാലത്ത്/2015-16/ 1490/22 (3) തീ. 20.08.2022 | 7 |
| 2016-2017 | കെ.എസ്.എ.-കെ.എൽ.എം.പി2-1126/18/09.07.18 | 3 |
| 2017-2018 | കെ.എസ്.എ-കെ.എൽ.എം/പി 2-1127/2018/18.05.2019 | 9 |
| 2018-2019 | കെ.എസ്.എ-കെ.എൽ.എം.പി2./894/2019/14/05/2020 | 5 |
| 2019-20 | കെ.എസ്.എ-കെ.എൽ.എം.പി 2./553/2021/26.3.21 | 11 |
| 2020-21 | കെ.എസ്.എ-കെ.എൽ.എം. പി 2./554/2021/26.3.21 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ.എസ്.എ-കെ.എൽ.എം. പി 2./2039/2021/27.3.23 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 14-07-2023 and submitted on 20-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Thekkumbhagam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thekkumbhagam Grama Panchayat for the year 2022-2023

Date: 03/11/2023

Deputy Director
District Office Kollam
Kerala State Audit Department

## Audit Report appended to the Audit Certificate of Thekkumbhagam Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1) The following mandatory financial statements prescribed in accounting rules are not submitted for audit.

Ratios and Notes on Account.

2) Cashflow statement- Net increase /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3) Grant liability amount shown as liability in Balance Sheet (CFC Fund) does not match with bank account opened for the specified grant account.

4) Register for beneficiary contribution is not maintained/does not match with accounts/not reliable for audit.

5) Hudco loan closing balance in ACR is negative.

6) Unpaid treasury bills are not omitted from Web Saankhya.

7) Misclassification of Receipt voucher.

8) Payment voucher Misclassification.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്